THE FIRST INTERNATIONAL INDIAN NEWSPAPER

മാധ്യമം

**Aug 25, 2016**

# സമുദ്ര ജൈവവൈവിധ്യ ഗവേഷണം: ധാരണാപത്രം ഒപ്പുവെച്ചു

**കൊച്ചി:** സമുദ്ര ജൈവവൈവിധ്യ ഗവേഷണം ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) തമിഴ്നാട്ടിലെ തിരുനെൽവേലി ആസ്ഥാനമായ മനോൻമണിയം സുന്ദരനാർ (എം.എസ്) സർവകലാശാലയുമായി ധാരണാപത്രം ഒപ്പുവെച്ചു. സി.എം.എഫ്.ആർ.ഐയുടെ തൂത്തുക്കുടി ഗവേഷണ കേന്ദ്രവും എം.എസ് സർവകലാശാലയും സംയുക്തമായി മന്നാർ ഉൾക്കടലിലെ ജൈവവൈവിധ്യങ്ങളുടെ സാധ്യതകൾ കണ്ടെത്തുന്നതിന് ഗവേഷണം നടത്തും. സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണനും എം.എസ് സർവകലാശാല വൈസ് ചാൻസലർ ഡോ. കെ. ഭാസ്കറുമാണ് ധാരണാപത്രത്തിൽ ഒപ്പുവെച്ചത്. മന്നാർ ഉൾക്കടലിലെ വിവിധ സസ്യ-ജന്തു വർഗങ്ങളുടെ പ്രജനന-കാർഷിക സാങ്കേതിക വിദ്യകൾ വികസിപ്പിക്കുന്നതിനുള്ള ഗവേഷണത്തിനും ഈ മേഖലയിലെ മത്സ്യസമ്പത്തിനെക്കുറിച്ചുള്ള പഠനത്തിനും ഇരു സ്ഥാപനങ്ങളും സഹകരിക്കും.



ഡോ. എ. ഗോപാലകൃഷ്ണനും ഡോ. കെ. ഭാസ്കറും ധാരണാപത്രം കൈമാറുന്നു

സി.എം.എഫ്.ആർ.ഐ ശാസ്ത്രജ്ഞരെ സർവകലാശാലയിലെ അംഗീകൃത റിസർച് ഗൈഡുകളായി പരിഗണിക്കുന്നതിനും ധാരണയായിട്ടുണ്ട്. ഇതോടെ, സമുദ്ര ജൈവവൈവിധ്യമേഖലയുമായി ബന്ധപ്പെട്ട് സി.എം.എഫ്.ആർ.ഐയിൽ ഗവേഷണം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് എം.എസ് സർവകലാശാലയിൽനിന്ന് പിഎച്ച്.ഡി നേടാനും സാധിക്കും.